# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 26.03.2018-ൽ |
| ചോദ്യം നമ്പർ - 5187 | മറുപടിയ്ക്ക് |

## മാവേലിക്കര മണ്ഡലത്തിലെ റോഡുകളും പാലങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലെ കല്ലുമല - കോട്ടമുക്ക് റോഡ്, കരയംവട്ടം -പൊറ്റമേൽകടവ് റോഡ്, കോട്ടപ്പുഴക്കൽ -തഴവ റോഡ്, കൽകുളത്താൽ പാലം, ചത്തിയറ പാലം, ദേവപ്പുരക്കൽ പാലം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്ക് പൊതുമരാമത്ത് റോഡ്സ് & ബ്രിഡ്ജസ് വിഭാഗങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ), (ബി) & (സി) കല്ലുമല - കോട്ടമുക്ക് റോഡ് (ചെറുകുന്നം - വെട്ടിയാർ റോഡ്) - 450 ലക്ഷം, കരയംവട്ടം -പൊറ്റമേൽകടവ് റോഡ് (മാവേലിക്കര - ശബരിമല റോഡ്) - 300 ലക്ഷം എന്നിവയുടെ പ്രൊപ്പോസൽ പ്രത്യേകാനുമതി ലഭ്യമാക്കുന്നതിലേക്കായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മറ്റ് പദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പ് സാമ്പത്തിക വർഷം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ